9288
22/4/17

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - സമാശ്വാസ തൊഴിൽദാന പദ്ധതി ഗ്രാമവികസന വകുപ്പിൽ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ ജോലി നോക്കി വരവെ 29/04/2016-ൽ അന്തരിച്ച മോഹനൻ.സി.എൻ എന്നയാളുടെ മകനായ ശ്രീ.ബിനിൽ.സി.മോഹനന് ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ നിയമനം നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (എം.എസ്) നമ്പർ.82/2017/തസ്വഭവ, തിരുവനന്തപുരം, തീയതി, 21/04/2017

---

പരാമർശം :
1. 30/12/1991 ലെ ജി.ഒ (പി) 45/91/പി &എ.ആർ.ഡി നമ്പർ ഉത്തരവ്
2. 12/08/1996-ലെ ജി.ഒ (പി) 460/96-ാം നമ്പർ വിജ്ഞാപനം.
3. (എ) 24/05/1999-ലെ ജി.ഒ (പി) 12/1999/പി&എ.ആർ.ഡി നമ്പർ ഉത്തരവ്
   (ബി) 18/11/1999-ലെ ജി.ഒ.(പി) 24/99/പി&എ.ആർ.ഡി നമ്പർ ഉത്തരവ്
4. 23/07/2013-ലെ ജി.ഒ.(എം.എസ്) നം.21/2013/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
5. 29/08/2013-ജി.ഒ (എം.എസ്) നം.24/2013/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
6. 26/09/2014-ലെ ജി.ഒ.(പി) നം.33/14/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
7. ശ്രീ.ബിനിൽ.സി.മോഹനൻ 09/09/2016-ൽ സമർപ്പിച്ച അപേക്ഷ
8. ഗ്രാമവികസന കമ്മീഷണറുടെ 27/10/2016 ലെ 16207/എസ്റ്റാ.സി1/16/സിആർഡി നമ്പർ കത്ത്.
9. എറണാകുളം ജില്ലാ കളക്ടറുടെ 27/01/2017 ലെ ഇ 5-95848/2016 നമ്പർ കത്ത്.

### ഉത്തരവ്

ഗ്രാമവികസന വകുപ്പിൽ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ ജോലി നോക്കി വരവെ 24/09/2016-ൽ അന്തരിച്ച മോഹനൻ.സി.എൻ എന്നയാളുടെ മകൻ ശ്രീ.ബിനിൽ.സി.മോഹനൻ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള തൊഴിൽ നിയമന ആനുകൂല്യത്തിന് സമർപ്പിച്ച പരാമർശം (7) ലെ അപേക്ഷ, പരാമർശം (8) ലെ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു. മരണമടഞ്ഞ ജീവനക്കാരന് 16 വർഷം 6 മാസം 13 ദിവസം സർക്കാർ സർവ്വീസുണ്ടായിരുന്നു. പരാമർശം (9)ലെ കത്ത് പ്രകാരം എറണാകുളം ജില്ലാ കളക്ടർ അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട്.

2) പരേതന്റെ മരണശേഷം കുടുംബത്തിലെ ആർക്കും തന്നെ ഈ പദ്ധതിപ്രകാരമുള്ള ആശ്രിതനിയമനം നൽകിയിട്ടില്ല. അപേക്ഷകന്റെ ജനനതീയതി 14/05/1989 ആണ്. 27 വയസ്സ് പ്രായമുണ്ട്. അപേക്ഷകൻ എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി പരീക്ഷകൾ പാസ്സായിട്ടുണ്ട്. എറണാകുളം ജില്ലയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്കാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. അപേക്ഷകന് ജോലി നൽകുന്നതിന് സമ്മതമാണെന്ന് അവകാശികൾ സമ്മതപത്രം സമർപ്പിച്ചിട്ടുണ്ട്.

3) മേൽ പ്രസ്താവിച്ച സാഹചര്യത്തിൽ, എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ അശമന്നൂർ വില്ലേജിൽ ചെറുവള്ളിപ്പടി 142, പയ്യൽ വീട്ടിൽ ശ്രീ.ബിനിൽ.സി.മോഹനന് ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ നിയമനം നൽകാൻ അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു. പരാമർശം (3) ഉത്തരവിലെ നിബന്ധനകൾക്കും നിലവിലുള്ള നിയമങ്ങൾക്കും വിധേയമായി അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, വൈദ്യപരിശോധന സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ, അനന്തരവകാശ സർട്ടിഫിക്കറ്റ് തുടങ്ങിയ എല്ലാ രേഖകളുടെയും യഥാർത്ഥ പ്രതി നിയമനാധികാരി പരിശോധിക്കേണ്ടതാണെന്നുള്ള വ്യവസ്ഥയിൽ അപേക്ഷകന് ഗ്രാമവികസന വകുപ്പിൽ നിലവിലുള്ളതോ ഒഴിവു വരുന്നതോ ആയ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ എറണാകുളം ജില്ലയിൽ നിയമനം നൽകേണ്ടതാണ്. ഈ നിയമങ്ങളെല്ലാം പരിശോധിച്ചതിനു ശേഷം ഗ്രാമവികസന കമ്മീഷണർ നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഒരു പകർപ്പ് സർക്കാരിൽ തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പിൽ അയച്ചുതരേണ്ടതുമാണ്. നിയമനം നൽകിയ വിവരം പരേതന്റെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷകൻ പരാമർശം (2) ലെ സർക്കാർ വിജ്ഞാപനപ്രകാരം നിയമനത്തിനു ശേഷം പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ ബന്ധപ്പെട്ട വകുപ്പുതല പരീക്ഷകൾ പാസായിരിക്കേണ്ടതുമാണ്.

4) അപേക്ഷ സമർപ്പിക്കുന്ന സമയത്തോ വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയ സമയത്തോ അപേക്ഷകൻ വസ്തുതകൾ തെറ്റിദ്ധരിപ്പിക്കുകയോ മറച്ചുവയ്ക്കുകയോ ചെയ്തതായി സർക്കാരിന് എപ്പോഴെങ്കിലും ബോദ്ധ്യപ്പെടുകയോ നിയമനാനുമതി നൽകിയ ശേഷമുള്ള പരിശോധനയിൽ എന്തെങ്കിലും കാരണത്താൽ ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കാണുകയോ ചെയ്താൽ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

5) പരാമർശം (1) ലെ ഉത്തരവ് പ്രകാരം അപേക്ഷകന്റെ ജനനതീയതിയിൽ സർവ്വീസ് ബുക്കിൽ എന്തെങ്കിലും തിരുത്തൽ വരുത്തേണ്ടതുണ്ടെങ്കിൽ സർവ്വീസിൽ പ്രവേശിച്ച് അഞ്ച് വർഷത്തിനുള്ളിൽ അപേക്ഷിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സന്തോഷ് കുമാർ.എസ്.**
ഡെപ്യൂട്ടി സെക്രട്ടറി

1) ശ്രീ.ബിനിൽ.സി.മോഹനൻ, ചെറുവള്ളിപ്പടി ഹൗസ്, നെടുങ്ങപ്ര.പി.ഒ, എറണാകുളം, പിൻ-683 545 (രജിസ്റ്റേർഡ് തപാൽ മുഖേന)
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) ജില്ലാ കളക്ടർ, എറണാകുളം
4) പൊതുഭരണ (സി.ഇ) സെൽ വകുപ്പ്
5) വെബ് & ന്യൂ മീഡിയ ഡിവിഷൻ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ